ശ്രീ. ടി കെ. നാരായണപിള്ള: തീർച്ചയായും എർപ്പാടുചെയ്യാം. അതു വളരെ അത്യാവശ്യമുള്ള ഒരു സംഗതിയാണു്.

പ്ലാനിംഗ് കമ്മീഷൻ

*൩൪൨. (൨൪) ശ്രീ. റഫേൽ റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സഭയിൽ മറുപടി നൽകുമോ.—

(എ) നമ്മുടെ സംസ്ഥാനത്തേക്കു് ഒരു പ്ലാനിംഗ് കമ്മീഷനുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എന്നു ജോലി ആരംഭിച്ചു; ഇതുവരെയുള്ള എന്തു ചെയ്തിട്ടുണ്ടു്;

(സി) കേന്ദ്ര പ്ലാനിങ്ങ് കമ്മീഷനുമായി യോജിച്ചാണോ അതു പ്രവർത്തിക്കുന്നതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഒരു പ്ലാനിംഗ് ബോർഡും ഒരു ഇൻറർ ഡിപ്പാർട്ടുമെൻറൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ടു്.

(ബി) ൧൯൫൦ മാർച്ചുമാസം ൨൨-ാംനു. ഇൻഡ്യാഗവണ്മെണ്ടു പ്ലാനിംഗ് കമ്മിറ്റി ആവശ്യപ്പെട്ടതനുസരിച്ചുള്ള വിവരങ്ങൾ നൽകുകയും, ഈ സംസ്ഥാനത്തെ വ്യവസായസംബന്ധമായ കാര്യങ്ങളെ സംബന്ധിച്ചു് അന്വേഷിച്ചു റിപ്പോർട്ടു് സമർപ്പിക്കുകയും ചെയ്തു.

(സി) അതെ.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആ റിപ്പോർട്ടു് ഈ സഭയിലെ അംഗങ്ങൾക്കു കാണാൻ സാധിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതൊരു പ്രൈവറ്റു റിപ്പോർട്ടാണു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അതിലെ അംഗങ്ങൾ ആരെല്ലാമാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ചീഫ് സിക്രട്ടറി, ശ്രീ. മരയ്ക്കാർ, ശ്രീ. പി. ടി. തോമസ് കോട്ടയം, ശ്രീ. പി. കെ. മേനോൻ, കൊച്ചി, ശ്രീ. കെ. സി. കരുണാകരൻ ഇവരാണു്.

ശ്രീ. ഇ. പി. പൌലോസ്: ഇതിൽ ഒരു എക്കാണമിസ്റ്റായി വല്ലവരുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മി. കെ. സി. കരുണാകരൻ ഒരു എക്കണാമിസ്റ്റാണു്.

ശ്രീ. എ. താണുപിള്ള: ആ റിപ്പോർട്ടു് സിക്രട്ടറായി വയ്ക്കാൻ കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു സെൻട്രൽ പ്ലാനിങ്ങ് കമ്മിറ്റി ആവശ്യപ്പെട്ടതനുസരിച്ചു തയാറാക്കിയിട്ടുള്ള ഒരു റിപ്പോർട്ടാണു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അതിൽ ഈ രാജ്യത്തിനാവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; അവ്യക്തതിനധികാരമുണ്ടോ എന്നു അറിയിക്കാൻ മടിയുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ആവശ്യമായ വിവരങ്ങൾ ഗവണ്മെണ്ടിനെ അറിയിക്കുന്നപക്ഷം അതുംകൂടി ചേർക്കാൻ കഴിയുന്നതാണു്.

Sri. P. Balakrishnan Tampi: Has that board met more than once?

Sri. T. K. Narayana Pillai: That board has met on various occasions.

LIBRARY ARCHIVES Kerala Legislative Assembly